**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **29-08-2022 - ൽ മറുപടിയ്ക്ക്**

**മൂഴിക്കൽ എസ്.സി. കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ മൂഴിക്കൽ എസ്.സി. കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തി ഇതുവരെയായി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2019-20 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത കോളനിയുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ ആവശ്യകത പുനഃപരിശോധിക്കേണ്ടിയിരുന്നതിനാലും മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സിന്റെ ന്യൂനത പരിഹരിയ്ക്കുന്നതിനുമായി ടി റിപ്പോർട്ട് ലഭ്യമാകേണ്ടിയിരുന്നതിനാലുമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായത്. നിലവിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് അടിയന്തിരമായി അംഗീകരിച്ച പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. . |
| (ബി) | ടി പ്രവൃത്തി വൈകുന്നതിനുള്ള കാരണം അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2019-20 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത കോളനിയുടെ നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ ആവശ്യകത പുനഃപരിശോധിക്കേണ്ടിയിരുന്നതിനാലും മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സിന്റെ ന്യൂനത പരിഹരിയ്ക്കുന്നതിനുമായി ടി റിപ്പോർട്ട് ലഭ്യമാകേണ്ടിയിരുന്നതിനാലുമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായത്. നിലവിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് അടിയന്തിരമായി അംഗീകരിച്ച പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. . |
| (സി) | ടി പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) | പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മാസവും പുരോഗതി വിലയിരുത്തുന്നതിനും പ്രോഗ്രസ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനും ബ്ലോക്ക്/ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രവൃത്തികൾക്ക് സർക്കാർ അനുമതി നൽകിയാൽ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കണമെന്നുള്ള വിശദാംശം അറിയിക്കാമോ? | (ഡി) | പദ്ധതി നിർവഹണ ചുമതല ഏറ്റെടുത്ത തീയതി മുതൽ പരമാവധി 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ